**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി XII**

**(ആരോഗ്യവും കുടുംബക്ഷേമവും)**

# സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1),(iii) പ്രകാരമുള്ളത്]**

2024 ഫെബ്രുവരി 2-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XII
# (ആരോഗ്യവും കുടുംബക്ഷേമവും)

# സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1),(iii) പ്രകാരമുള്ളത്]

\\192.168.11.20\pressbox\ubuntu\Sub. Comm XII\Report\Facing sheet 2024.odt

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി XII

## (ആരോഗ്യവും കുടുംബക്ഷേമവും)
## (2023-2026)

### ഘടന

ചെയർപേഴ്സൺ:

ശ്രീമതി വീണാ ജോർജ്ജ്,
ആരോഗ്യ-വനിത-ശിശു ക്ഷേമ വകുപ്പുമന്ത്രി

അംഗങ്ങൾ:

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ.ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പുഷ്പാംഗദൻ റ്റി., അണ്ടർ സെക്രട്ടറി.

# അവതാരിക

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം തയ്യാറാക്കിയിട്ടുള്ള ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ഈ റിപ്പോർട്ട് സമിതി അദ്ധ്യക്ഷയായ ഞാൻ സമർപ്പിക്കുന്നു.

'സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 2023 ജൂൺ മാസം 7-ാം തീയതി നിയമസഭാ സമുച്ചയത്തിലെ 604-ാം നമ്പർ സമ്മേളന ഹാളിൽ യോഗം ചേർന്ന് ചർച്ച ചെയ്യുകയുണ്ടായി. നവകേരളം കർമ്മ പദ്ധതി II-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ വിഭാവനം ചെയ്ത പ്രധാനപ്പെട്ട ഈ പദ്ധതിയെ സംബന്ധിച്ചും പൊതുജനപങ്കാളിത്തതോടെ ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ചും സമിതി വിശദമായി ചർച്ച ചെയ്തു. പ്രസ്തുത ചർച്ചയുടേയും ആരോഗ്യകുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ മാർഗ്ഗരേഖയുടെയും മറ്റ് വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്ഈ റിപ്പോർട്ട് ഈ വിഷയത്തിൽ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2024 ജനുവരി 3-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

വീണാ ജോർജ്ജ്,
അദ്ധ്യക്ഷ,
സബ്ജക്ട് കമ്മിറ്റി XII.

തിരുവനന്തപുരം,
2024 ഫെബ്രുവരി 2

റിപ്പോർട്ട്

ഗുണമേന്മയുള്ള സേവനങ്ങൾ കുറഞ്ഞ ചെലവിൽ ഒരുക്കി മെച്ചപ്പെട്ട പൊതുജനാരോഗ്യ സൂചകങ്ങൾ കൈവരിക്കാൻ സാധിച്ചതിനാലാണ് സംസ്ഥാനത്തെ ആരോഗ്യ സംവിധാനം ഒരു മാതൃകയായി അംഗീകരിക്കപ്പെട്ടത്. സംസ്ഥാനം കാലാകാലങ്ങളിൽ നേടിയ വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക പുരോഗതിയും ആരോഗ്യരംഗത്തെ ഈ നേട്ടത്തിന് കാരണമായിട്ടുണ്ട്. ആരോഗ്യ, അനുബന്ധ മേഖലകളിൽ സംസ്ഥാനം ആർജ്ജിച്ച പുരോഗതിയിലൂന്നിയാണ് കോവിഡ്, നിപ്പാ തുടങ്ങിയ മാരക വൈറസ് രോഗങ്ങളെ ശക്തമായി പ്രതിരോധിക്കാൻ നമുക്ക് സാധിച്ചത്.

സംസ്ഥാനത്ത് ആരോഗ്യ മേഖലയിലുണ്ടാകുന്ന പുതിയ വെല്ലുവിളികളെ നേരിടുന്നതിന് നൂതന കർമ്മപദ്ധതികൾ ശക്തമായി നടപ്പിലാക്കേണ്ടതുണ്ട്. ജീവിതശൈലീ രോഗനിയന്ത്രണം, പകർച്ചവ്യാധി നിയന്ത്രണം, മാതൃശിശു സംരക്ഷണം, കൗമാരക്കാരുടെയും മുതിർന്ന പൗരൻമാരുടെയും മാനസികാരോഗ്യസംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ, സാന്ത്വന പരിചരണം തുടങ്ങിയ മേഖലകളിലെല്ലാം ജനങ്ങൾക്ക് കൂടുതൽ ഉപയോഗപ്രദമാകുംവിധം വിവിധ സേവനങ്ങൾ നല്കാൻ കഴിയുന്ന വിധത്തിൽ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ആവശ്യമായ നടപടികൾ വ്യത്യസ്തതലങ്ങളിൽ സ്വീകരിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങളിലൂടെ ചികിത്സാ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം രോഗപ്രതിരോധവും, ആരോഗ്യവർദ്ധക സേവനങ്ങളും മാതൃശിശു സംരക്ഷണവും കൗമാരപ്രായക്കാരുടെ സംരക്ഷണവും മാനസികാരോഗ്യ സംരക്ഷണവും ശക്തിപ്പെടുത്തി അവ ജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിൽ സംസ്ഥാനത്തെ ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെ ശക്തമായ ആരോഗ്യ കേന്ദ്ര ശൃംഖലയെ പ്രയോജനപ്പെടുത്തി ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി നടത്തിപ്പിലെ ഉത്തരവാദിത്തം കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് കൂടുതൽ നിക്ഷിപ്തമാക്കാൻ കഴിയും. കൂടാതെ, ജനങ്ങളുടെ ശാരീരിക, മാനസിക ആരോഗ്യവും ക്ഷേമവും നിലനിർത്തുന്നതിനും

മെച്ചപ്പെടുത്തുന്നതിനുമുള്ള കൂടുതൽ നടപടികളും കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി സ്വീകരിയ്ക്കാൻ കഴിയുമെന്ന് സമിതി കരുതുന്നു.

ഈ സാഹചര്യത്തിലാണ് സംസ്ഥാന ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേരാൻ സമിതി തീരുമാനിച്ചത്. പ്രസ്തുത യോഗം 2023 ജൂൺ മാസം 7-ാം തീയതി നിയമസഭ സമുച്ചയത്തിൽ ചേരുകയും മേൽ വിഷയം സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് തയ്യാറാക്കിയ മാർഗ്ഗരേഖ, ബന്ധപ്പെട്ട മറ്റ് രേഖകൾ, വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സമിതി വിശദമായ ചർച്ച നടത്തുകയും ചെയ്തു.

പ്രസ്തുത ചർച്ചയുടെയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭിച്ച മാർഗ്ഗരേഖയുടെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ നല്കിയിരിക്കുന്നു.

## <u>ശിപാർശകൾ/നിർദ്ദേശങ്ങൾ</u>

1. എല്ലാ ജനകീയാരോഗ്യ കേന്ദ്രങ്ങളിലും കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കി ഇ-സഞ്ജീവനി സംവിധാനം ഏർപ്പെടുത്തുമെന്നും അതിലൂടെ ഡോക്ടറുടെ സേവനം ലഭ്യമാക്കാനും ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നിന്റെ ആദ്യ ഡോസ് നൽകാനും സാധിക്കുമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ സമിതി മുൻപാകെ വിശദീകരിച്ചിരുന്നു. ആയതിനാൽ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും അതിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതുമായ ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

2. സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ പൊതുപരീക്ഷയും, ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ളവർ ഇന്റർവ്യൂവും നടത്തിയാണ് മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡേഴ്സ് (MLSP), JPHN, JHI, ASHA Worker ഉൾപ്പെടെയുള്ള കരാർ ജീവനക്കാരെ നിയോഗിക്കുന്നതെന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതിയിൽ വിശദീകരിച്ചിരുന്നു. MLSP, JPHN, JHI, ASHA Worker ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകിയ വേതനം, എത്രപേരെ നാളിതുവരെ

നിയമിച്ചിട്ടുണ്ട്, മറ്റിതര ചെലവുകൾ എന്നിവ സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്ക് ഇനം തിരിച്ച് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. ജനകീയാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡിലെ മെമ്പറാണ് ജനകീയാരോഗ്യ ക്ലബുകളിൽ ജനകീയ വെൽഫെയർ കമ്മിറ്റിക്ക് നേതൃത്വം നൽകുന്നത് എന്നും ജനകീയാരോഗ്യ പ്രവർത്തനത്തിന് താൽപ്പര്യമുള്ള മൂന്ന് വ്യക്തികളെ കൂടി ഇതിൽ അംഗങ്ങളാക്കുകയും, അവർ നന്നായി പ്രവർത്തിക്കുന്നില്ലെങ്കിൽ മാറ്റുകയും ചെയ്യുമെന്നും സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതി മുൻപാകെ ബോധിപ്പിച്ചിരുന്നു. ആയതിനാൽ, പ്രസ്തുത മൂന്ന് അംഗങ്ങളുടെയും വിദ്യാഭ്യാസ യോഗ്യത, അവർക്ക് നൽകുന്ന പ്രതിഫലം, അവരുടെ നിയമനം സംബന്ധിച്ച കാര്യങ്ങൾ എന്നിവ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

4. ജനകീയാരോഗ്യ കേന്ദ്രങ്ങളിലെ കരാർ നിയമനങ്ങളിലേയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നതു സംബന്ധിച്ച പരസ്യം ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിലും പ്രമുഖ പത്രങ്ങളുടെ എല്ലാ ജില്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിനും കൂടാതെ ജനകീയാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള എല്ലാ വിഭാഗം ജനങ്ങളിലും ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. ഓരോ നിയോജക മണ്ഡലത്തിലെയും ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അതാതു പ്രദേശത്തെ എം.എൽ.എ. ചെയർമാനായും ഡെപ്യൂട്ടി ഡി.എം.ഒ, നാഷണൽ ഹെൽത്ത് മിഷൻ ഉദ്യോഗസ്ഥൻ, മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായും ഉള്ള ഒരു ഹെൽത്ത് റിവ്യൂ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. പണമായി ലഭിയ്ക്കുന്ന സംഭാവനകൾ, ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രത്തിന്റെ പ്രത്യേക അക്കൗണ്ടിൽ തന്നെ നിക്ഷേപിച്ച് പ്രസ്തുത ആരോഗ്യ കേന്ദ്രത്തിൻകീഴിൽ നടപ്പിലാക്കുന്ന ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. പണമായിട്ടുള്ള സംഭാവനകൾ മാതൃസ്ഥാപനമായ കുടുംബാരോഗ്യ

കേന്ദ്രത്തിന്റെ എച്ച്.എം.സി-യിൽ നിക്ഷേപിച്ച് ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്നുള്ള നിർദ്ദേശം മാറ്റണമെന്നും ഇപ്രകാരം സ്വരൂപിക്കുന്ന പണം മാതൃസ്ഥാപനമായ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇതിനായി ആരംഭിക്കുന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും പണം അവിടെത്തന്നെ വിനിയോഗിക്കുന്നു എന്നുറപ്പുവരുത്താൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

7. സ്വന്തമായി സ്ഥലമില്ലാത്ത 723 സബ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ, പ്രസ്തുത സബ് സെന്ററുകൾക്ക് അഞ്ച് സെന്റിൽ കുറയാത്ത സ്ഥലം ലഭ്യമാക്കി സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് വിഭാവനം ചെയ്ത ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തന മാർഗ്ഗരേഖ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

**വീണാ ജോർജ്ജ്,**
അദ്ധ്യക്ഷ,
സബ്ജക്ട് കമ്മിറ്റി XII.

തിരുവനന്തപുരം,
2024 ഫെബ്രുവരി 2